**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2687** **02-08-2021 - ൽ മറുപടിയ്ക്ക്**

**സംയോജിത ഭൂവിവര സേവന വിനിമയ സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി സംയോജിത ഭൂവിവര സേവന വിനിമയ സംവിധാനം വികസിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനായി സംയോജിത ഭൂവിവര സേവന വിനിമയ സംവിധാനം നടപ്പിൽവരുത്തുന്നതുമായി ബന്ധപ്പെട്ട്, റവന്യൂ വകുപ്പിന്റെ - ReLIS, സർവ്വെ വകുപ്പിന്റെ- Emaps, രജിസ്ട്രേഷൻ വകുപ്പിന്റെ- PEARL എന്നിവ സംയോജിപ്പിച്ച് ഒരു single window portal' (ഓൺലൈൻ സംവിധാനം) ആരംഭിക്കുന്നതിന്റെ ജോലികൾ പ്രാരംഭ ഘട്ടത്തിലാണ്. റവന്യൂ-സർവ്വെ-രജിസ്ട്രേഷൻ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് ഭൂമി സംബന്ധമായ വിഷയങ്ങൾ പൊതുജനങ്ങൾക്ക് വേഗത്തിൽ പരിഹരിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനമാണ് നടപ്പിലാക്കുന്നത്. ഭൂമിയുടെ രജിസ്ട്രേഷൻ ഓൺലൈൻ ആയി ചെയ്യുന്നതിന് രജിസ്ട്രേഷൻ വകുപ്പ് വികസിപ്പിച്ച് നടപ്പിൽ വരുത്തിയിട്ടുള്ള സോഫ്റ്റ് വെയറാണ് PEARL. ഭൂമി രജിസ്ട്രേഷന് ശേഷം അപേക്ഷകൾ ഓൺലൈൻ ആയി ബന്ധപ്പെട്ട വില്ലേജുകളിൽ ലഭ്യമാക്കുകയും പോക്കുവരവ് സമയബന്ധിതമായി നടത്തുന്നതിനുള്ള സംവിധാനമാണ് ReLIS. GPS അധിഷ്ഠിത സർവ്വെ നടത്തിയിട്ടുള്ള വില്ലേജുകളുടെ സർവ്വെ മാപ്പുകൾ ഓൺലൈൻ ആയി നാളതീകരിക്കുന്നതിനും മറ്റ് വകുപ്പുകളുടെ textual വിവരങ്ങളുമായി സംയോജിപ്പിച്ച് ഭൂഭരണം സുതാര്യമാക്കുന്നതിനുലക്ഷ്യമിട്ടുകൊണ്ടാണ് Emaps നടപ്പിലാക്കിയിട്ടുള്ളത്. ഈ മൂന്ന് വെബ് ആപ്ലിക്കേഷനുകളുടെയും വെബ് അധിഷ്ഠിത സംയോജനത്തിലൂടെ ഭൂ സംബന്ധമായ എല്ലാ സേവനങ്ങളും പൊതു ജനങ്ങൾക്ക് ഏക ജാലക സംവിധാനത്തിൽ ഉൾപ്പെടുത്തി നൽകുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | സംസ്ഥാനത്തെ മുഴുവൻ വില്ലേജ് ഓഫീസുകളെയും | (ബി) | സംസ്ഥാനത്തെ മുഴുവൻ വില്ലേജ് ഓഫീസുകളെയും |

| | | | |
|---|---|---|---|
| | ഈ സംവിധാനത്തിൻകീഴിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | | ഈ സംവിധാനത്തിൻകീഴിൽ കൊണ്ടുവരുന്നതിനു നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | എറണാകുളം ജില്ലയിലെ ഏതൊക്കെ വില്ലേജ് ഓഫീസുകളിലാണ് 2021-22 വർഷത്തിൽ പ്രസ്തുത സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്ത് ആകെ 87 വില്ലേജുകളിൽ ഡിജിറ്റൽ റീസർവ്വെ പൂർത്തിയായിട്ടുണ്ട്. അതിൽ 80 വില്ലേജുകളിൽ റവന്യൂ വകുപ്പിന്റെ ReLIS സർവ്വേ വകുപ്പിന്റെ Emaps എന്നിവ യോജിപ്പിച്ചുകൊണ്ടുള്ള ഓൺലൈൻ സംവിധാനം നിലവിലുണ്ട്. എറണാകുളം ജില്ലയിലെ പറവൂർ താലൂക്കിലെ ഏലൂർ വില്ലേജ്, കണയന്നൂർ താലൂക്കിലെ തെക്കുംഭാഗം, ഇടപ്പള്ളി നോർത്ത്, നടമ എന്നീ വില്ലേജുകളിൽ ഡിജിറ്റൽ റീസർവ്വെ പൂർത്തിയായിട്ടുണ്ട്. നടമ വില്ലേജ് ഒഴികെ മറ്റ് മൂന്ന് വില്ലേജുകളിലും ReLIS-Emaps സംയോജനം പൂർത്തിയായിട്ടുണ്ട്. നടമ വില്ലേജിന്റെ സംയോജനം പൂർത്തിയാകുന്ന മുറയ്ക്ക് ReLIS - Emaps ആപ്ലിക്കേഷനുകൾ സംയോജിപ്പിച്ചുകൊണ്ടുള്ള ഓൺലൈൻ സംവിധാനം വഴി ജനങ്ങൾക്ക് ഭൂ അധിഷ്ഠിത സേവനങ്ങൾ നൽകുവാനാണ് ഉദ്ദേശിക്കുന്നത്. ആയതിനുശേഷം ടി വില്ലേജുകൾ സംയോജിത ഭൂവിവര സേവന വിനിമയ സംവിധാനത്തിന് കീഴിൽ കൊണ്ടുവരാവുന്നതാണ്. |

സെക്ഷൻ ഓഫീസർ